ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) 71 മത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു; മികച്ച നടനുള്ള പുരസ്കാരം ഷാരൂഖ് ഖാനും വിക്രം മാസിയും പങ്കിട്ടു. റാണി മുഖർജി മികച്ച നടി.

   **71st National Film Awards Announced ; Shah Rukh Khan and Vikram Massey share the Best Actor award. Rani Mukerji wins Best Actress Award.**

2) ദേശീയ പുരസ്കാരങ്ങളിൽ തിളങ്ങി മലയാളം; ഉള്ളൊഴുക്ക് മികച്ച സിനിമ. വിജയരാഘവനും ഉർവശിക്കും മികച്ച സഹനടനും നടിക്കുമുള്ള പുരസ്കാരം.

   **Malayalam Shines at National Awards: 'Ullozhukku' Best Film; Vijayraghavan and Urvashi Win Best Supporting Actor Awards.**

3) 17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള തീയതി പ്രഖ്യാപിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെടുപ്പ് സെപ്റ്റംബർ 9 ന്.

   **17th Vice Presidential Election: Polling Scheduled for September 9, Announces Election Commission.**

4) പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ആം ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വാരാണസിയിൽ നിർവഹിക്കും..

   **PM Modi to Release 20th Installment of PM-KISAN Scheme Tomorrow in Varanasi.**

5) വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും.

   **Parliament Adjourned for the Day Amid Opposition Uproar; Session to Resume on Monday.**

6) ഛത്തീസ്ഗഢിൽ അറസ്റ്റിലായ മലയാളി കന്യാസ്ത്രീകളുടെ ജാമ്യ ഹർജിയിൽ എൻഐഎ കോടതി വാദം കേട്ടു; വിധി നാളെ

   **NIA Court Hears Bail Plea of Arrested Malayali Nuns in Chhattisgarh; Verdict Tomorrow.**

# NATIONAL FILM AWARDS(INTRO)

71 -മത് ദേശീയ ചലചിത്ര പുരസ്കാരം പ്രഖ്യാപിച്ചു. മിസ്സിസ് ചാറ്റർജി വേഴ്സസ് നോർവെ എന്ന സിനിമയിലെ അഭിനയത്തിന് റാണി മുഖർജി മികച്ച നടിക്കുള്ള പുരസ്കാരം സ്വന്തമാക്കി. ജവാൻ എന്ന ചിത്രത്തിന് ഷാരൂഖ്ഖാനും 12TH ഫെയിൽ എന്ന ചിത്രത്തിന് വിക്രം മാസിയും മികച്ച നടനുള്ള അവാർഡ് പങ്കിട്ടു. ദേശീയ പുരസ്കാരങ്ങളിൽ മലയാളത്തിന് മിന്നും നേട്ടങ്ങൾ. മികച്ച മലയാളം സിനിമയ്ക്കുള്ള പുരസ്കാരം ക്രിസ്റ്റോ ടോമി സംവിധാനം ചെയ്ത ഉള്ളൊഴുക്കിന് ലഭിച്ചു. നോൺ ഫീച്ചർ വിഭാഗത്തിൽ നെക്കൽ 'The chronicle of paddy Man' ന് പ്രത്യേക ജൂറി പരാമർശം. വിജയരാഘവനും ഉർവശിക്കും മികച്ച സഹനടനും നടിക്കുമുള്ള പുരസ്കാരം ലഭിച്ചു. പൂക്കാലം എന്ന ചിത്രത്തിന് മിഥുൻ മുരളി മികച്ച എഡിറ്ററായി.

**(Voice…. )**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

# ECI-VP ELECTION

രാജ്യത്ത് 17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള തീയതി പ്രഖ്യാപിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. സെപ്റ്റംബർ 9 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണലും 9 നു നടക്കും. ശ്രീ ജഗ്ദീപ് ധൻഖർ ഉപരാഷ്ട്രപതി സ്ഥാനത്ത് നിന്ന് രാജിവച്ചതിനെ തുടർന്നാണ് തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നത്. ലോക്സഭയിലെയും രാജ്യസഭയിലെയും അംഗങ്ങൾ അടങ്ങുന്ന ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുപ്പ് വിജ്ഞാപനം ഈ മാസം 7 ന് പുറപ്പെടുവിക്കും. 21 ന് മുമ്പ് നാമനിർദ്ദേശ പത്രിക നൽകണം. പത്രികകളുടെ സൂക്ഷ്മ പരിശോധന 22 ന് നടക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

# PM VARANASI

പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ആം ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വാരാണസിയിൽ നിർവഹിക്കും. 9.7 കോടി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 20,500 കോടിയിലേറെ രൂപയാണ് കൈമാറുക. 2,200 കോടി രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി നാളെ തുടക്കം കുറിക്കും. റോഡ് വികസന പദ്ധതികൾ, റെയിൽ പദ്ധതികൾ എന്നിവയുടെ ഉദ്ഘാടനത്തിന് പുറമേ, 880 കോടി രൂപയുടെ ഊർജ്ജ വിതരണ പദ്ധതിയുടെ ശിലാസ്ഥാപനവും ഇതിൽ ഉൾപ്പെടുന്നു. ജൽ ജീവൻ

ദൗത്യത്തിലൂടെ ആവിഷ്കരിച്ച 47 ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ ഉദ്ഘാടനവും ശ്രീ മോദി നാളെ വാരാണസിയിൽ നിർവഹിക്കും.

## LS - RS - ADJOURN

വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഉച്ചയ്ക്ക് 12 മണി വരെ നിർത്തിവച്ച രാജ്യസഭ പുനരാരംഭിച്ചെങ്കിലും ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണത്തിൽ പ്രതിപക്ഷ പ്രതിഷേധം തുടർന്നതോടെ ഇന്നത്തേക്ക് പിരിയുകയായിരുന്നു. വിഷയം ഭരണഘടനാ സ്ഥാപനമായ തിരഞ്ഞെടുപ്പ് കമ്മീഷന്റെ പരിഗണനയിലുള്ളതാണെന്ന് രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവംശ് പറഞ്ഞു. ബഹളത്തിനിടെ, ഡിജിറ്റൽ വ്യക്തിഗത ഡാറ്റ സുരക്ഷാ നിയമം 2023 നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് മറുപടി നൽകി. ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവച്ച ലോക്സഭയിലും സമാന സാഹചര്യമായിരുന്നു. സമ്മേളനം തുടരാൻ ശ്രമിച്ചെങ്കിലും പ്രതിപക്ഷം പ്രതിഷേധം തുടർന്നതോടെ സഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു. വർഷകാല സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും.

## LS-MEDIATION INDIA PAK

ഓപ്പറേഷൻ സിന്ദൂറിനെ തുടർന്നുണ്ടായ സൈനിക നടപടികൾ അവസാനിപ്പിക്കാൻ ഇന്ത്യയും - പാകിസ്ഥാനും തമ്മിൽ നേരിട്ടാണ് ചർച്ച നടന്നതെന്ന് കേന്ദ്രസർക്കാർ. ഇന്ന് ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗാണ് ഇക്കാര്യം വ്യക്തമാക്കിയത്. വെടിനിർത്തലിനുള്ള അഭ്യർത്ഥന പാകിസ്ഥാനാണ് മുന്നോട്ടുവച്ചത്. പാകിസ്ഥാനുമായുള്ള പ്രശ്നങ്ങൾ ഉഭയകക്ഷി ചർച്ചകളിലൂടെ മാത്രമേ പരിഹരിക്കുവെന്ന് യുഎസ് ഉൾപ്പെടെയുള്ള എല്ലാ രാജ്യങ്ങളോടും ഇന്ത്യ വ്യക്തമാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## SC POLITICAL PARTIES POSH

രാഷ്ട്രീയ പാർട്ടികളെ ലൈംഗിക പീഡന വിരുദ്ധ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പൊതുതാൽപര്യ ഹർജി പരിഗണിക്കാൻ സുപ്രീം കോടതി വിസമ്മതിച്ചു. വിഷയം പാർലമെന്റിന്റെ പരിധിയിൽ വരുന്നതാണെന്ന് ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായി, ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ച് പറഞ്ഞു. കഴിഞ്ഞ

ഡിസംബറിൽ, സമാനമായ ഒരു ഹർജിയിൽ തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിക്കാൻ സുപ്രീം കോടതി നിർദേശിച്ചിരുന്നു. ഈ വർഷം മാർച്ചിൽ തിരഞ്ഞെടുപ്പ് കമ്മീഷന് കത്ത് അയച്ചിരുന്നെന്നും ഇതുവരെ ഒരു മറുപടിയും ലഭിച്ചില്ലെന്നും പൊതുതാൽപര്യ ഹർജിയിൽ പറയുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## NIMISHAPRIYA

യെമനിൽ ജയിലിൽ കഴിയുന്ന മലയാളി നിമിഷപ്രിയയുടെ മോചനം ഏറെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട വിഷയമാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധിർ ജയ്സ്വാൾ. യെമൻ ഭരണകൂടവുമായി സർക്കാർ നിരന്തരം സമ്പർക്കം പുലർത്തുന്നതായും വധശിക്ഷ റദ്ദാക്കി യെന്ന തരത്തിൽ പ്രചരിച്ച വാർത്തകൾ വാസ്തവ വിരുദ്ധമാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇന്ത്യയും യുഎസുമായുള്ള ശക്തമായ പ്രതിരോധ പങ്കാളിത്തം കൂടുതൽ മെച്ചപ്പെടു ത്തുമെന്നും ശ്രീ ജയ്സ്വാൾ പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## CHHATTISGARH - NUN

ഛത്തീസ്ഗഢിൽ അറസ്റ്റിലായ മലയാളി കന്യാസ്ത്രീകളുടെ ജാമ്യ ഹർജിയിൽ എൻഐഎ കോടതി ഇന്ന് വാദം കേട്ടു. ജാമ്യം സംബന്ധിച്ച വിധി കോടതി നാളെ പ്രഖ്യാപിക്കും. അന്വേഷണം പ്രാരംഭ ഘട്ടത്തിലാണെന്ന് പ്രോസിക്യൂ ഷൻ കോടതിയെ അറിയിച്ചു. അതിനിടെ ഛത്തീസ്ഗഢ് മുഖ്യമന്ത്രി വിഷ്ണു ദിയോ സായ് ഇന്ന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PM-15 AUG SPEECH IDEAS

സ്വാതന്ത്ര്യദിന പ്രസംഗത്തിനായി ആശയങ്ങൾ പങ്കിടാൻ രാജ്യത്തെ ജനങ്ങളെ ക്ഷണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ മാസം15-ന് ന്യൂഡൽഹിയിലെ ചുവപ്പ്കോട്ടയിൽ നടക്കുന്ന പ്രസംഗത്തിൽ ഉൾപ്പെടുത്താ നായാണ് ജനങ്ങളിൽ നിന്നും ചിന്തകളും ആശയങ്ങളും ക്ഷണിച്ചത്. MyGov ഓപ്പൺ ഫോറം, NaMo App തുടങ്ങിയവയിലൂടെ ആശയങ്ങൾ പങ്കുവയ്ക്കാ വുന്നതാണ്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## VAISHNAV - MURUGAN

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവും കേന്ദ്ര സഹമന്ത്രി എൽ മുരുഗനും പാർലമെന്റ് ഹൗസിൽ കൂടിക്കാഴ്ച്ച നടത്തി. രാജ്യത്തെ മാധ്യമ, പ്രക്ഷേപണ രംഗത്തുള്ള സംരംഭങ്ങളുടെ പുരോഗതി യെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തു.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## KARNATAKA- RAPE CASE

ലൈംഗിക പീഡനക്കേസിൽ ജനതാദൾ നേതാവും എംപിയുമായ പ്രജ്ജ്വൽ രേവണ്ണ കുറ്റക്കാരനെന്ന് ബംഗളൂരുവിലെ ജനപ്രതിനിധികൾക്കായുള്ള പ്രത്യേക കോടതിയുടെ വിധി. മുൻ പ്രധാനമന്ത്രി ദേവ ഗൗഡയുടെ ചെറുമകൻ പ്രജ്ജ്വൽ രേവണ്ണയുടെ പേരിലുള്ള നാല് പീഡനക്കേസുകളിൽ ഒന്നിലാണ് വിധി വന്നിരിക്കുന്നത്. ശിക്ഷ നാളെ പ്രഖ്യാപിക്കും. 2021 ൽ കോവിഡ് കാലത്ത് അതിജീവിതയെ പലതവണ ലൈംഗിക പീഡനത്തിനിര യാക്കിയെന്നും ദൃശ്യങ്ങൾ പകർത്തിയെന്നുമാണ് കേസ്.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## RAJNATH-AFHQ DAY(INTRO)

രാജ്യത്തിൻറെ പ്രതിരോധ ചട്ടക്കൂട് ശക്തിപ്പെടുത്തുന്നതിന് ആംഡ് ഫോഴ്സ്സ് ഹെഡ്ക്വാട്ടേഴ്സ് സിവിലിയൻ സർവീസസ് എല്ലാക്കാലത്തും മികച്ച പ്രവർത്തനമാണ് നടത്തിയിട്ടുള്ളതെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ AFHQ സിവിലിയൻ സർവീസസ് ദിനാഘോഷ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിൻറെ പ്രതിരോധ സംവിധാനങ്ങളുടെ കാര്യക്ഷമവും തന്ത്രപരവുമായ പ്രവർത്തനത്തിൽ AFHQ സിവിലിയൻ സർവീസസിൻറെ പങ്ക് പ്രധാനമാണെന്നും രാജ്യരക്ഷ മന്ത്രി വ്യക്തമാക്കി.
(വോയിസ്...)

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## CRICKET- IND-ENG TEST

ഓവൽ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് തുടരുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇംഗ്ലണ്ട് 3 വിക്കറ്റ്

നഷ്ടത്തിൽ 171 റൺ എന്ന നിലയിലാണ്. ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് 224 റൺസിന് അവസാനിച്ചിരുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## SENSEX + GOLD

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 586 പോയിൻറ് ഇടിഞ്ഞ് 80600 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 203 പോയിൻറ് നഷ്ടത്തിൽ 24565 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില കുറഞ്ഞു. പവന് 160 രൂപ കുറഞ്ഞ് 73,200 രൂപയും ഗ്രാമിന് 9,150 രൂപയുമാണ് ഇന്നത്തെ വില.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## KERALA RAIN

കേരളത്തിൽ നാളെ മുതൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റും മോശം കാലാവസ്ഥയും കണക്കിലെടുത്ത് ലക്ഷദ്വീപ് തീരത്ത് ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## IMD WEATHER

അസം, മേഘാലയ, ബിഹാർ, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഛത്തീസ്ഗഢ്, ജാർഖണ്ഡ്, ഹരിയാന, ഉത്തരാഖണ്ഡ്, പശ്ചിമ ബംഗാൾ തുടങ്ങിയ ഇടങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. അതേസമയം, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, സിക്കിം, മധ്യപ്രദേശ് എന്നിവിടങ്ങളിൽ ഇടിമിന്നലും ശക്തമായ കാറ്റും ഉണ്ടാകുമെന്നും മുന്നറിയിപ്പുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡